## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2986** **07.12.2018-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) എത്ര ഇതര സംസ്ഥാന തൊഴിലാളികളാണ് കേരളത്തിൽ ജോലിചെയ്ത് വരുന്നത്; അവരുടെ മാതൃ സംസ്ഥാനങ്ങളുടെ അടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് ജോലി നോക്കി വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ എണ്ണം ലഭ്യമല്ല. എന്നാൽ "ആവാസ്" പദ്ധതി പ്രകാരം 29.11.2018 വരെ 3,28,336 തൊഴിലാളികളെ രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ തുടരുകയാണ്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 55,430 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ടു പദ്ധതികൾക്കും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത തൊഴിലാളികൾക്കെല്ലാം തിരിച്ചറിയൽ കാർഡ് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; താമസിക്കുന്നതിനും തൊഴിൽ ചെയ്യുന്നതിനുമായി എന്തെല്ലാം സൗകര്യങ്ങളാണ് ഇവർക്ക് ഒരുക്കിയിട്ടുള്ളത്; | (ബി) "ആവാസ്" പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലാളികൾക്കും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്.<br>ഇതരസംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം നൽകുന്ന പദ്ധതിയാണ് "അപ്നാഘർ" പദ്ധതി. നിലവിൽ പ്രസ്തുത പദ്ധതിയുടെ പാലക്കാട്ടുള്ള സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഈ പദ്ധതിയുടെ മറ്റ് സ്കീമുകൾ നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കോഴിക്കോട് ജില്ലയിൽ രാമനാട്ടുകരയിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.<br>ഇതരസംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽപരമായ സഹായങ്ങൾ നൽകാൻ ഫെസിലിറ്റേഷൻ സെന്ററുകൾ എറണാകുളം തിരുവനന്തപുരം ജില്ലകളിൽ |

ആരംഭിച്ചിട്ടുണ്ട്. ടി സെന്ററുകളിലൂടെ ഇതരസംസ്ഥാന തൊഴിലാളികൾക്ക് അർഹതപ്പെട്ട നിയമപരിരക്ഷയെകുറിച്ച് ബോധവൽക്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും സേവന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണാനും കഴിയും. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി ഇവർക്ക് ലഭിക്കേണ്ട വേതന വ്യവസ്ഥകൾ, സുരക്ഷിതത്വം, ക്ഷേമം എന്നിവ സംബന്ധിച്ച് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനകളും സ്ക്വാഡ് പരിശോധനകളും നടത്തിവരുന്നു.

(സി) ഇവർക്ക് ആരോഗ്യ ഇൻഷ്വറൻസ് സംവിധാനം വ്യാപകമായി ഏർപ്പെടുത്തിയിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് കാർഡ് നൽകിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

(സി) "ആവാസ്" പദ്ധതിയിൻ കീഴിലുള്ള രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ കാർഡ് ലഭിക്കുന്ന എല്ലാ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

29.11.2018 വരെ 3,28,336 പേർക്ക് ഹെൽത്ത് ഇൻഷ്വറൻസ് കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

| ക്രമ നമ്പർ | സംസ്ഥാനം | ആവാസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ | കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ |
|---|---|---|---|
| 1 | ആന്ധ്രാപ്രദേശ് | 1,481 | 168 |
| 2 | അരുണാചൽ പ്രദേശ് | 399 | 61 |
| 3 | ആസ്സാം | 48,539 | 6076 |
| 4 | ബീഹാർ | 32,291 | 5275 |
| 5 | ഛത്തീസ്ഗഡ് | 1340 | 46 |
| 6 | ഗോവ | 25 | - |
| 7 | ഗുജറാത്ത് | 161 | 13 |
| 8 | ഹരിയാന | 114 | 22 |
| 9 | ഹിമാചൽ പ്രദേശ് | 76 | 2 |
| 10 | ജമ്മു & കാശ്മീർ | 319 | 2 |
| 11 | ഝാർഖണ്ഡ് | 16,240 | 1504 |
| 12 | കർണ്ണാടക | 5,910 | 3990 |
| 13 | മദ്ധ്യപ്രദേശ് | 2,505 | 371 |
| 14 | മഹാരാഷ്ട്ര | 691 | 48 |
| 15 | മണിപ്പൂർ | 387 | 20 |
| 16 | മേഘാലയ | 337 | - |
| 17 | മിസ്സോറാം | 45 | - |
| 18 | നാഗാലാന്റ് | 294 | 36 |
| 19 | ഒഡീഷ | 36,388 | 8547 |
| 20 | പഞ്ചാബ് | 183 | 7 |
| 21 | രാജസ്ഥാൻ | 1950 | 206 |
| 22 | സിക്കിം | 66 | - |
| 23 | തമിഴ്നാട് | 27147 | 1467 |
| 24 | തെലുങ്കാന | 162 | - |
| 25 | ത്രിപുര | 718 | 13 |
| 26 | ഉത്തർപ്രദേശ് | 12299 | 1274 |
| 27 | ഉത്തരാഖണ്ഡ് | 728 | 199 |
| 28 | പശ്ചിമബംഗാൾ | 1,36,846 | 26040 |
| 29 | | ഡൽഹി-334<br>മറ്റുള്ളവ-361 | ഡൽഹി- 41<br>ആൻഡമാൻ & നിക്കോബാർ - 2 |
| | **ആകെ** | **328336** | **55430** |

സെക്ഷൻ ഓഫീസർ.